**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 6957

10.07.2014-ലെ മറുപടിയ്ക്ക്

## ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.പി.ബി.അബ്ദുൾ റസാക് | **ശ്രീ.എ.പി.അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനം സംബന്ധിച്ച വിശദവിവരം നൽകാമോ; | (എ) ടൂറിസം മേഖലയിലെ കേരളത്തിന്റെ അനന്തമായ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും ജില്ലാ തലത്തിൽ സംവിധാനങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിലേക്കുമായാണ് 28.07.1988ലെ G.O.(P) No.254/88/GAD സർക്കാർ ഉത്തരവു പ്രകാരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ രൂപീകരിച്ചിട്ടുള്ളത്. ഇവ 1955ലെ Travancore-Cochin Literary Scientific and Charitable Societies Registration Act of 1955 പ്രകാരമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. സ്വകാര്യ പൊതുമേഖലാ പങ്കാളിത്തത്തോടെ പ്രാദേശിക ഉത്പന്നങ്ങളുടെ വിപണനം വിനോദസഞ്ചാര ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനു വേണ്ടിയുള്ള അംഗീകാര നടപടികൾ, ടൂറിസം സാധ്യതയുള്ള പുതിയ പ്രദേശങ്ങൾ കണ്ടെത്തി അവിടങ്ങളിൽ അനുയോജ്യമായ ടൂറിസം പദ്ധതികളുടെ ആവിഷ്കരണം. അത്തരം പദ്ധതികളിൽ ഭരണാനുമതി നൽകപ്പെടുന്നവയുടെ നിർവ്വഹണം, ജില്ലയിൽ വിനോദ സഞ്ചാര ദിശാബോർഡുകളെ മെച്ചപ്പെടുത്തി |

| | | | |
|---|---|---|---|
| | | | ആധുനിക വത്കരിക്കൽ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി പ്രവർത്തിച്ച് ശുചീകരണം, മാലിന്യ നിയന്ത്രണം എന്നീ പരിപാടികളിൽ ജില്ലാ വിനോദസഞ്ചാര സമിതികൾ പ്രധാനമായും ഏർപ്പെട്ടിരിക്കുന്നു. പാരമ്പര്യവും സംസ്കാരവും കാത്തു സൂക്ഷിക്കൽ, വിനോദ സഞ്ചാര ക്ലബുകളുടെ ജില്ലാതല ഏകോപനം, ആതിഥേയ സമൂഹത്തിന് ബോധവത്കരണ പരിപാടികൾ, പേയിംഗ് ഗസ്റ്റ് സമ്പ്രദായത്തിന് പ്രോത്സാഹനം, ടൂറിസം വിവരങ്ങൾ പ്രചരിപ്പിക്കൽ, വിനോദ സഞ്ചാരികൾക്കുള്ള അടിസ്ഥാന സൗകര്യമൊരുക്കൽ, പേ ആന്റ് യൂസ് ടോയ്‌ലറ്റുകൾ സ്ഥാപിക്കൽ, വഴിയോര വിശ്രമ കേന്ദ്രങ്ങൾ, പാർക്കുകൾ എന്നിവയുടെ വികസനം, പ്രാദേശിക മായി പ്രാഥമിക ടൂറിസം പശ്ചാത്തലസൗകര്യം മെച്ചപ്പെടുത്തൽ, കുടുംബശ്രീ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുമായി ചേർന്ന് ശുചിത്വ പരിപാടികൾ നടപ്പിലാക്കൽ എന്നിവയാണ് ടൂറിസം മേഖലയുടെ വികസനത്തിനായി ജില്ലാ വിനോദസഞ്ചാര സമിതികൾ പ്രധാനമായും ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ |
| (ബി) | കൗൺസിലിന്റെ ഘടന, ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് പര്യാപ്തമാണോ എന്ന കാര്യം പരിശോധനാ വിധേയ മാക്കിയിട്ടുണ്ടോ; എങ്കിൽ വിശദ മാക്കുമോ ; | (ബി) | കൗൺസിലിന്റെ ഘടന, ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് പര്യാപ്തമാകും വിധമാണ് ക്രമീകരിച്ചിട്ടുള്ളത്. ടൂറിസം മേഖലയിലെ പുതിയ മാറ്റങ്ങളെയും വൈവിധ്യങ്ങളായ പ്രവർത്തന മേഖല കളെയും ഉൾക്കൊള്ളിക്കുന്നതിലേക്കായി |

| | | | |
|---|---|---|---|
| | | | 03.01.2005ലെ G.O.(MS)No.5/05/GAD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ പുന:സംവിധാനത്തിന് അംഗീകാരം നൽകിയിട്ടുള്ളതാണ്. ആയതിൻപ്രകാരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ ഭരണ സംവിധാനത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ് |
| (സി) | പല ജില്ലകളിലും കൗൺസിലുകളുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ പരിഹാര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ